<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3680**</u> <u>**09-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എൻ. ഷംസുദ്ദീൻ</th><th colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എത്ര കർഷകർ ഉണ്ടായിരുന്നു; തുടർന്നുള്ള ഓരോ വർഷങ്ങളിലും ബോർഡിൽ അംഗത്വമുള്ള കർഷകത്തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 8,95,818 കർഷക തൊഴിലാളികൾ അംഗങ്ങളായി ഉണ്ടായിരുന്നു. തുടർന്നുള്ള വർഷങ്ങളിലെ അംഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br><table><tr><th>വർഷം</th><th>അംഗങ്ങളുടെ എണ്ണം</th></tr><tr><td>2022-2023</td><td>7,35,002</td></tr><tr><td>2023-2024</td><td>6,45,564</td></tr><tr><td>2024-2025</td><td>5,60,472</td></tr><tr><td>2025-2026 ആഗസ്റ്റ് വരെ</td><td>5,41,041</td></tr></table></td></tr>
<tr><td>(ബി)</td><td>നിലവിൽ ബോർഡിൽ അംഗത്വമുള്ള കർഷകർക്ക് ക്ഷേമനിധി ആനുകൂല്യമായി എത്ര കോടി രൂപ നൽകാൻ ഉണ്ടെന്നും എത്ര മാസത്തെ ആനുകൂല്യമാണ് മുടങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമപദ്ധതികളായ അധിവർഷാനുകൂല്യം/ മരണാനന്തര അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നീ ക്ഷേമ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. നിലവിൽ അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം എന്നീ ആനുകൂല്യങ്ങളിലായി 492 കോടി രൂപ കുടിശ്ശികയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br><table><tr><th>ആനുകൂല്യം</th><th>കുടിശ്ശിക അപേക്ഷകളുടെ എണ്ണം</th><th>നിലവിൽ അനുവദിച്ച അപേക്ഷകൾ</th></tr><tr><td>അധിവർഷാനുകൂല്യം</td><td>3,18,180</td><td>2018 മാർച്ച് വരെ</td></tr><tr><td>വിവാഹ ധനസഹായം</td><td>4,691</td><td>2025 ആഗസ്റ്റ് വരെ</td></tr><tr><td>പ്രസവ ധനസഹായം</td><td>5,638</td><td>2023 ജൂലൈ വരെ</td></tr></table></td></tr>
<tr><td>(സി)</td><td>ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങുന്നതുകൊണ്ടും കൂടുതൽ</td><td>(സി)</td><td>ഉണ്ട്. അധിവർഷാനുകൂല്യമിനത്തിലെ കുടിശ്ശിക, ബോർഡിൽ അംഗത്വമെടുക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവു വരുന്നതിന് ഒരു</td></tr>
</table>

| | | | |
|---|---|---|---|
| | കർഷകർ ക്ഷേമനിധിയിൽ ചേരാൻ മടിക്കുന്നത് കൊണ്ടുമാണോ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നവരുടെ എണ്ണം കുറയുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | കാരണമാണ്. കൂടാതെ, ഒരാൾ ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ ഒരേ സമയം അംഗത്വം നിലനിർത്തുന്നത് തടയുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റു ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ള തൊഴിലാളികളെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിലേയും തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും ദ്വയാംഗത്വം ഒഴിവാക്കുന്നതിനുമായി ആരംഭിച്ച AIIS സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനാൽ ഒന്നിൽ കൂടുതൽ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ള തൊഴിലാളികളെ ഒഴിവാക്കുന്നതിന് നിലവിൽ സാധിക്കുന്നുണ്ട്. മറ്റു ക്ഷേമനിധി ബോർഡുകളിൽ കൂടുതൽ ആകർഷണീയമായ ആനുകൂല്യങ്ങൾ നിലവിലുള്ളതും കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾ അംഗത്വം പിൻവലിക്കുന്നതിന് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ